

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
PEER REVIEWED AND REFEREED INTERNATIONAL JOURNAL
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:2(6), February 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

# തീരദേശ ജനതയുടെ ജീവിതാവിഷ്കാരം 'അശരണരുടെ സുവിശേഷത്തിൽ '

**The Life of the Coastal People in the 'Gospel of the Refugees'**

**Sonu L Johnson**
NSS College, Nilamel

**പ്രബന്ധ സംഗ്രഹം**

തീരദേശക്രൈസ്തവ ജനതയുടെ ജീവിതത്തെ അടിസ്ഥാനമാക്കി ഫ്രാൻസിസ് നൊറോണ രചിച്ച നോവലാണ് അശരണരുടെ സുവിശേഷം. കേരളത്തിലെ വൈദിക ശ്രേഷ്ഠനായിരുന്ന മോൻസിങ്ങോർ റെയ്നോൾസ് പുരയ്ക്കലിന്റെ ജീവിതമാണ് നോവലിന്റെ പ്രമേയം. തീരദേശ ജനതയുടെ കഥ പറയുന്നതുകൊണ്ടുതന്നെ അവരുടെ ഭാഷയും വിശ്വാസങ്ങളും അവർക്ക് അഭിമുഖീകരിക്കേണ്ടിവന്ന തിരസ്കാരങ്ങളും ഈ നോവലിൽ ആവിഷ്കരിച്ചിരിക്കുന്നു. 1910 മുതൽ 1988 വരെ ജീവിച്ചിരുന്ന ഫാദർ റൈനോൾഡ്സ് പുരക്കലിന്റെ കഥ പറഞ്ഞു പോകുന്നതിനൊപ്പം അക്കാലത്തെ കേരളീയ ജീവിതവും ചരിത്രവും നോവലിൽ അടയാളപ്പെട്ടു കിടക്കുന്നു .ഈ നോവലിനെ ജീവചരിത്ര നോവൽ എന്ന നിലയിലും പുതുസങ്കേതങ്ങൾ ഉൾക്കൊള്ളുന്ന നവനോവൽ എന്ന നിലയിലും വായിക്കാനാകും. ചെത്തി കടപ്പുറവും പൊള്ളോത്തെ കടപ്പുറവും അനുഭവങ്ങളുമെല്ലാം തദ്ദേശീയമായ ഭാഷയിലൂടെയാണ് നോവലിൽ അവതരിപ്പിച്ചിരിക്കുന്നത്.

**താക്കോൽ വാക്കുകൾ**

ദേശചരിത്രം, തീരദേശജനത, സംസ്കാരം, ചരിത്ര സൂചനകൾ

ചരിത്രവും യാഥാർത്ഥ്യവും ഇടകലർത്തിയെഴുതിയ ഫ്രാൻസിസ് നൊറോണയുടെ നോവലാണ് അശരണരുടെ സുവിശേഷം. പൊതു സമൂഹത്തിൽ നിന്നും പല വിഷയങ്ങളിലും അകലം പാലിക്കേണ്ടി വന്ന ഒരു സമൂഹത്തിന്റെ ചിത്രത്തെ യാഥാർത്ഥ്യപ്രതീതിയോടെയാണ് നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നത്. തീരദേശ ജനത അനുഭവിക്കുന്ന സ്വത്വപ്രതിസന്ധിയെ ശക്തമായ ഭാഷയിലൂടെയും ബിംബങ്ങളിലൂടെയും വായിച്ചെടുക്കാനാകും. തീരദേശ ചരിത്രത്തെ അടിസ്ഥാനമാക്കി മലയാളത്തിൽ നോവലുകളുണ്ടായിട്ടുണ്ടെങ്കിലും അവരുടെ പ്രശ്ന

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
PEER REVIEWED AND REFEREED INTERNATIONAL JOURNAL
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:2(6), February 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

ങ്ങളുടെ ആഴം അവയിൽ രേഖപ്പെടുത്തിയിട്ടില്ല. ദേശചരിത്രത്തെ അടിസ്ഥാനമാക്കിയുള്ള നോവലുകളും മലയാളത്തിലുണ്ടായിട്ടുണ്ട്.

**ദേശചരിത്ര നോവലുകൾ**

സാഹിത്യസൃഷ്ടികളിൽ പ്രാദേശിക ചരിത്രത്തിന്റെ സൂക്ഷ്മമായ അടയാളപ്പെടുത്തലുകൾ ഉണ്ടാവുക സ്വാഭാവികമാണ്. ദേശചരിത്രത്തിലൂടെ മനുഷ്യരുടെ നന്മകളും തിന്മകളും വെളിപ്പെടുന്നു. തകഴിയുടെയും ഒ.വി വിജയന്റെയും നോവലുകളിൽ ദേശത്തിന് വളരെയധികം പ്രസക്തിയുണ്ട്. ഒ.വി വിജയന്റെ ഖസാഖിന്റെ ഇതിഹാസം പാലക്കാടൻ ചുരത്തിന്റെ അടിവാരത്തുള്ള തസ്രാക്കിന്റെ കഥ പറയുന്നു.അതിരാണി പാടത്തിന്റെ പശ്ചാത്തലത്തിലുള്ള നോവലാണ് ഒരു ദേശത്തിന്റെ കഥ. നഗരവൽക്കരണത്തിന്റെ ഭാഗമായി മാറ്റപ്പെട്ട കോക്കാച്ചിറ എന്ന പ്രദേശത്തിന്റെ കഥയാണ് ആലാഹയുടെ പെൺമക്കൾ എന്ന നോവലിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എൻ .എസ് മാധവന്റെ ലന്തൻ ബത്തേരിയിലെ ലുത്തിനിയകൾ തീരദേശ ജനതയുടെ ജീവിതത്തെ അനാവരണം ചെയ്യുന്ന നോവലാണ്. തകഴിയുടെ ചെമ്മീൻ എന്ന നോവലിലും തീരദേശ ജനതയുടെ ജീവിതം ആവിഷ്കൃതമാകുന്നു. ഫ്രാൻസിസ് നൊറോണ എഴുതിയ അശരണരുടെ സുവിശേഷവും ഈ വിഭാഗത്തിൽ പെടുന്ന നോവലാണ്. ഇതിൽ ദേശചരിത്രത്തോടൊപ്പം സ്ഥലനാമചരിത്രം, തീരദേശ ജനതയുടെ വിശ്വാസക്രമങ്ങൾ, പ്രാർത്ഥനകൾ എന്നിവയെല്ലാം ഉൾക്കൊള്ളിച്ചിരിക്കുന്നു. അനുദിന ജീവിതത്തിൽ അവർക്കു നേരിടേണ്ടി വന്ന തിരസ്കാരങ്ങളെ സൂക്ഷ്മതയോടെ എഴുത്തുകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

നിശ്ചിതമായ ഭൂപ്രകൃതിയും ഭൂമിശാസ്ത്രപരമായ അതിരുകളും ഉള്ള പ്രദേശത്തിലെ ജനജീവിതത്തിന്റെയും സംസ്കാരത്തിന്റെയും ചിത്രം അവതരിപ്പിക്കുന്ന നോവലുകളെ ദേശചരിത്ര നോവലുകൾ എന്ന വിശേഷിപ്പിക്കാനാകും. അശരണരുടെ സുവിശേഷത്തിൽ ജീവചരിത്ര നോവലുകളുടെ സവിശേഷതകൾ വ്യക്തമാണ്. പ്രാദേശിക സ്വത്വത്തിന്റെ എല്ലാ അടയാളങ്ങളും നോവലിൽ കാണാനാകും. 1910 മുതൽ 1988 വരെയുള്ള റെയ്നോൾഡ്സ് പുരയ്ക്കലിന്റെ ജീവിതകഥ പറഞ്ഞു പോകുന്ന നോവലിൽ ആ കാലയളവിലെ ചരിത്രപരമായ ഘടകങ്ങളെയും കൂട്ടിയിണക്കിയിരിക്കുന്നു. ജീവചരിത്ര നോവൽ എന്ന നിലയിലും ഇതിനെ പരിഗണിക്കാനാകും. ചെത്തികടപ്പുറം, പൊള്ളോത്തെ കടപ്പുറം എന്നിവിടങ്ങളിലെ തീരദേശജനതയുടെ ജീവിതത്തെ നോവലിലൂടെ പറഞ്ഞുപോകുന്നു. ജീവിതത്തിലെ സൗഭാഗ്യങ്ങളെല്ലാം ബോധപൂർവ്വം ഉപേക്ഷിച്ച് തീരദേശവാസികളുടെ ഉയർച്ചയ്ക്കായി സമർപ്പിത ജീവിതം നയിച്ച ഫാ. റൈനോൾസിന്റ ജീവിതചിത്രം. ആദർശാത്മകതയുടെ വർണ്ണം ചേർക്കാതെ യാഥാർത്ഥ്യ പ്രതീതിയോട് കൂടി ആവിഷ്കരിച്ചിരിക്കുന്നു. നോവലിന്റെ അവസാനഭാഗം എത്തുമ്പോൾ മാത്രമാണ് ആസ്വാദകന് ഇതൊരു ജീവചരിത്ര നോവൽ ആണെന്ന് വ്യക്തമാവുന്നത്. ഉത്തരാധുനിക മലയാള സാഹിത്യത്തിൽ ശ്രദ്ധേയനായ നൊറോണ ചരിത്രത്തോട് നീതി പുലർത്തി സംഭവങ്ങളെ കോർത്തിണക്കിയിട്ടുള്ള അവതരണമാണ് നടത്തിയിട്ടുള്ളത്. അതോടൊപ്പം ഏഴുദശകങ്ങളിലെ കേരളീയ ജീവിതവും ഇവിടുത്തെ രാഷ്ട്രീയവും പ്രഗൽഭ വ്യക്തിത്വങ്ങളുടെ സാന്നിധ്യവും നോവലിൽ അടയാളപ്പെട്ട് കിടക്കുന്നു. ആലപ്പുഴയിലെ സമരഗാഥകൾ, പുന്നപ്രവയലാർ സംഭവം, ശ്രീനാരായണഗുരു, ടി .വി തോമസ് ,പൊന്നറ ശ്രീധരൻ, ഉമ്മൻചാണ്ടി എന്നീ പ്രഗൽഭ വ്യക്തികളെക്കുറിച്ചും നോവലിൽ പരാമർശിക്കുന്നുണ്ട് .വൈക്കം സത്യാ

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
PEER REVIEWED AND REFEREED INTERNATIONAL JOURNAL
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:2(6), February 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

ഗ്രഹം, ഗാന്ധിജിയുടെ ഇടപെടൽ എന്നിവയെക്കുറിച്ചും നേരിട്ട് പരാമർശിച്ചിട്ടുണ്ട്. ഉദയാ സ്റ്റുഡിയോയിലെ കുഞ്ചാക്കോയും ഒരുചെറിയ കഥാപാത്രമാണ്. ഇത്തരം സന്ദർഭങ്ങളിൽ ഇവ യഥാർത്ഥ സംഭവമാണോ എഴുത്തുകാരന്റെ ഭാവനയാണോ എന്നുള്ള ആശയക്കുഴപ്പം വായനക്കാരിൽ ഉണ്ടാകുന്നു.ഇത് എഴുത്തുകാരാന്റെ ബോധപൂർവ്വമായ ഒരു രചനാതന്ത്രമാണ്.

അധികാരത്തിന്റെ വഴികളിൽ നിന്നും മാറി സഞ്ചരിക്കുന്ന ഫാ. റൈനോൾഡ്സിന്റെ ചിത്രം നോവലിലുടനീളം കാണാനാകും. പ്രാദേശിക ചരിത്രം, ഭാഷ, സംസ്കാരം വേഷവൈവിധ്യം, തനതുരുചി എന്നിവ നോവലിൽ സൂക്ഷ്മമായി രേഖപ്പെടുത്തിയിരിക്കുന്നു. കാറൽമാൻചരിതം, ഉമ്മൻ ഫിലിപ്പോസിന്റെ കേളീ സല്ലാപം, റമ്പാൻ പാട്ട്, പൗരസമത്വവാദ പ്രക്ഷോഭം, ചാവറയച്ചന്റെ പ്രസ് എന്നിവയെക്കുറിച്ചും നോവലിൽ നേരിട്ട് പരാമർശം ഉണ്ട് . ഈ നോവലിൽ കടലോര ജനതയനുഭവിക്കുന്ന പലവിധത്തിലുള്ള ആത്മസംഘർഷങ്ങളെ അടയാളപ്പെടുത്തുന്നു. അതുകൊണ്ടുതന്നെ ഒരു കടൽത്തീരത്തിന്റെ കഥ പറയുന്നതിലൂടെ നോവൽ എല്ലാ കടൽത്തീര ജനതയുടെയും കഥ പറയുന്നതാകുന്നു എന്ന ആശയം ബന്യാമിൻ നോവലിന്റെ ആമുഖത്തിൽ പങ്കുവെച്ചിട്ടുണ്ട്. മാർക്കേസ് പറഞ്ഞ കോസ്റ്റും ബ്രിസ്മ എന്നതിനോടാണ് അദ്ദേഹം ഈ നോവലിനെ ഉപമിക്കുന്നത്[1]. കേരളത്തിലെ തീരദേശ ജനതയുടെ സാംസ്കാരിക ജീവിതത്തെ ഈ നോവലിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

തീരദേശ ജനതയുടെ ജീവിതത്തെ ആവിഷ്കരിക്കുന്നതിനോടൊപ്പം തന്നെ ദേശചരിത്രത്തെ ഈ നോവലിൽ അടയാളപ്പെടുത്തുന്നുണ്ട്.

അർത്തുങ്കലിന്റെയും കൊക്കമംഗലം പള്ളിയുടെയും ചരിത്രം അത്തരത്തിൽ അനാവരണം ചെയ്യുന്നു. മാനുവൽ ടെയ്ക്ക് എന്ന സായിപ്പ് പാതിരി സ്ഥാപിച്ച കുരിശിനെ വണങ്ങാൻ വിശ്വാസികൾ ഒത്തുകൂടിയ സ്ഥലത്തിന് അർത്ഥികുളങ്ങര എന്നറിയപ്പെട്ടു .പിന്നീട് അർത്ഥികുളങ്ങൽ അർത്തുങ്കൽ എന്നായി മാറിയെന്ന് നോവലിൽ വ്യക്തമാക്കുന്നു. അതോടൊപ്പം തന്നെ കൊക്കമംഗലം പള്ളിയുടെ ചരിത്രവും നോവലിൽ പരാമർശിക്കുന്നു. കുടവച്ചൂർ പള്ളി വികാരിയുടെ സഹായിയായ മത്തായിക്ക് മുത്തപ്പൻ പ്രത്യക്ഷപ്പെട്ട ചിത്രം മാന്നാനത്തു നിന്നും വാങ്ങണമെന്ന് ആവശ്യപ്പെട്ടു. മത്തായി മാന്നാനത്തെത്തി ദിവ്യദർശനത്തെ കുറിച്ച് വെളിപ്പെടുത്തിയ ചിത്രം വാങ്ങുന്നു. കോക്കമംഗലത്ത് എത്തുന്ന വേളയിൽ ബോധരഹിതനാകുന്നു. പിന്നീട് അവിടെ ചിത്രം പ്രദർശിപ്പിക്കപ്പെടുകയും അന്നുമുതൽ മത്തായിയെ അത്ഭുത മത്തായി എന്ന് അറിയപ്പെടുകയും ചെയ്തു .ഇത്തരത്തിൽ സ്ഥലനാമചരിത്രം, ദേശചരിത്രം എന്നിവനോവലിൽ സമന്വയിപ്പിച്ചിട്ടുണ്ട് .

**ഭാഷാസവിശേഷതകൾ**

ആഖ്യാനത്തിനായി തീരദേശജനതയുടെ വാമൊഴി ഭാഷയാണ് നോവലിസ്റ്റ് സ്വീകരിച്ചിരിക്കുന്നത്. നോവലിന്റെ വ്യത്യസ്തതകളിൽ ഒന്ന് ഇതിലെ ഭാഷാ സവിശേഷതകളാണ്. തീരദേശകാഴ്ചകളുടെ സൂചകങ്ങളായ ഭാഷാപ്രയോഗങ്ങൾ നോവലിലുടനീളം കാണാനാകും.

‘പട്ടിണി ഒറ്റപ്പെടുത്തിയ അനാഥത്വം പോലെ കടൽ കറുത്തിളകി’

‘ചാവുകാക്കയുടെ പരുക്കൻ കാറൽ പോലെ താത്തിയുടെ പ്രാർത്ഥന’

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
PEER REVIEWED AND REFEREED INTERNATIONAL JOURNAL
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:2(6), February 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

'അന്നദ ചൊല്ലിക്കാൻ പാങ്ങില്ലാത്തവരുടെ കുഴിമാടം പോലെ ഉപ്പുകാറ്റിൽ തകർന്നുകിടന്നു'.

'പൈതൃകത്തിന്റെ ജനിതകരഹസ്യങ്ങൾ നുകർന്ന് ആരോടും പ്രതിഷേധിക്കുന്നതുപോലെ ആകാശം തുളച്ചുപോകുന്ന തെങ്ങ്'

കായത്തിന്റെ ഗന്ധവും ജന്മിമാരുടെ മക്കളുടെ അഹന്തയും സഹിച്ച് മഷിപ്പച്ച പോലെ വാടിയ റൈനോൾസ് ഭാഷാപ്രയോഗങ്ങൾ നോവലിലുടനീളം കാണാനാകും. ഇപ്രകാരം കടലോര ജനതയുടെ വിശ്വാസം, മറ്റുള്ളവരിൽ നിന്നും അവർക്ക് നേരിടേണ്ടി വരുന്ന തിരസ്കാരം എന്നിവ ശക്തിയുള്ള ഭാഷയിൽ രേഖപ്പെടുത്തിയിരിക്കുന്നു. അതോടൊപ്പം തന്നെ അവരുടെ വിശ്വാസത്തിന്റെ ആവിഷ്കാരവും നോവലിലെ സംഭാഷണങ്ങൾക്കിടയിലൂടെ വായിച്ചെടുക്കാനാകും. കടലോരജനതയുടെ മാത്രമായ വിശ്വാസങ്ങൾ, നോവലിൽ യഥാർത്ഥത്തിൽ എന്നപോലെ വന്നു പോകുന്ന ചാവറയച്ചന്റെ രൂപം എന്നിവ അഭൗമമായ ഒരു പ്രതീതി ഉളവാക്കുന്നുണ്ട്. അവരുടെ തനതായ രുചികൾ, തദ്ദേശീയമായ പദങ്ങൾ, കാഴ്ചകൾ, സംസ്കാരം എന്നിവയ്ക്ക് എഴുത്തുകാരൻ വളരെയധികം പ്രാധാന്യം നൽകിയിട്ടുണ്ട്. ജനനം, മരണം, ജീവിതത്തിലെ ജനപജയപരാജയങ്ങൾ എന്നിവയെ കുറിച്ച് അവർക്ക് ധാരാളം വിശ്വാസങ്ങളുണ്ട്.

കറുപ്പ് മീനുകൾ എന്നതിനെ കുറിച്ചുള്ള വിശ്വാസം അത്തരത്തിൽ ഒന്നാണ് .ചൊഹേനെകൊല്ലി മീനുകൾ എന്നാണ് അവയെ അറിയപ്പെടുന്നത് .അത് പൂർവികരുടെ ആത്മാക്കൾ ആണെന്നതാണ് അവരുടെ വിശ്വാസം. തെങ്ങിന്റെ മുകളിലോ അടയ്ക്കാ മരത്തിലോ ഈ മീനിനെ കണ്ടാൽ തങ്ങൾ കടിച്ചുപിടിച്ച് താഴെയിറങ്ങും എന്നും ചിലപ്പോൾ അത് തൊണ്ടയിൽ തടഞ്ഞാൽ തങ്ങൾ തങ്ങളുടെ ജീവൻ നഷ്ടമാകും എന്നുള്ളത് അവരുടെ വിശ്വാസമാണ്. ബദത്തീസിന്റെ കുപ്പായം പാകം ആകാതിരുന്നാൽ ജീവിതകാലം മുഴുവൻ അലച്ചിൽ ആയിരിക്കുമെന്നുള്ളത് മറ്റൊരു വിശ്വാസം. മരിച്ചവരുടെ ആത്മാവാണ് നത്താൾ നക്ഷത്രം ആയി ഉദിക്കുന്നത് എന്നുള്ളത് വിശ്വാസത്തിന്റെ ഭാഗമാണ്. തന്റെ പൂർവികരുടെ സാന്നിധ്യം കാച്ചെണ്ണയുടെ ഗന്ധത്തിലൂടെ തിരിച്ചറിഞ്ഞിരുന്നവരെ നോവലിൽ കാണാം. കഥാപാത്രമായ ജോസഫ് പറയുന്നുണ്ട്, മുത്തങ്ങ കിഴങ്ങും നെയ്താമ്പൽ ദളങ്ങൾ ചേർത്ത കാച്ചണ്ണയുടെ ഗന്ധവും പൂർവികരുടെ ആത്മാക്കളുടെ സാന്നിധ്യമായി കണക്കാക്കുന്നു. തേവന് പറയാനുള്ളത് മറ്റൊരു ഗന്ധത്തെപ്പറ്റിയാണ്, മരമുശുക്ക് ഗന്ധം. അവന്റെ പൂർവികർക്ക് മരമുശുക്കിന്റെ ഗന്ധമാണെന്നതാണ് അവന്റെ വിശ്വാസം. ഈ ഗന്ധങ്ങളുടെ സാമീപ്യം പൂർവികരുടെ സ്മരണ ഉളവാക്കുന്നു. അതോടൊപ്പം തന്നെ ലത്തീൻ കത്തോലിക്ക വിഭാഗത്തിൽ പെട്ടവരുടെ വിശ്വാസങ്ങളും പ്രാർത്ഥനകളും അതേപടി നോവലിൽ സന്നിവേശിപ്പിച്ചിട്ടുണ്ട്.

ഗ്ലോറിയ പാത്രി ഏത് ഫീലിയോ

കിരിയ ഏ ലെയി സോൻ....

ക്ലോവേന്മാരുടെയും മാലാഖമാരുടെയും പ്രാർത്ഥനകൾ

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
PEER REVIEWED AND REFEREED INTERNATIONAL JOURNAL
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:2(6), February 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

മറിയമേ നിന്റെ നിത്യസഹായം തേടുന്നു ഞങ്ങൾ അമ്മെ.....

ജൂതന്മാരുടെ രാജാവായ നസ്രായേക്കാരനീശോയെ പെട്ടെന്നുള്ള പെടുമരണത്തിൽ നിന്ന് ഞങ്ങളെ കാത്തീടേണമേ[2]

ഇപ്രകാരമുള്ള അവരുടെ പ്രാർത്ഥനകളും വിശ്വാസപരമായ ഘടകങ്ങളും നോവലിൽ അതേ പ്രകാരം സന്നിവേശിപ്പിച്ചിരിക്കുന്നു. ഇത്തരത്തിൽ സാമ്പ്രദായികമായ നോവൽഘടനയെ തിരുത്തിക്കുറിക്കുന്ന പ്രയോഗങ്ങൾ നോവലിലുടനീളം കാണാനാകും. മീൻ പിടിക്കുന്നവർ എക്കാലത്തും വെറുക്കപ്പെട്ടവരും കള്ളന്മാരും പിടിച്ചുപറിക്കാരുമായ ആട്ടിടയന്മാർ വാഴ്ത്തപ്പെട്ടവരും ആകുന്നത് എങ്ങനെയെന്ന ചോദ്യം ഈ നോവൽ മുന്നോട്ട് വയ്ക്കുന്നുണ്ട്. ലത്തീൻ കത്തോലിക്ക വിഭാഗം കേരളത്തിലെ ക്രൈസ്തവ സമൂഹത്തിൽ നിന്നും അതുപോലെതന്നെ ലത്തീൻ വിഭാഗത്തിലെ സമ്പന്നരിൽനിന്നും പലവിധത്തിലുള്ള തിരസ്കാരങ്ങളും അനുഭവിക്കുന്നുണ്ട് എന്നതിന്റെ നേർചിത്രമായി അശരണങ്ങളുടെ സുവിശേഷത്തെ കാണാനാകും. തീരദേശ ജനതയോട് സുറിയാനി ക്രിസ്ത്യാനികൾക്കുള്ള അകൽച്ച നോവലിൽ പ്രകടമാണ്. ക്രിസ്തുരാജൻ എന്ന സങ്കല്പത്തെ ഈ നോവൽ തിരുത്തി എഴുതുന്നുണ്ട്. നോവലിൽ പറയുന്ന ഒരു വാക്യമുണ്ട് എന്റെ യേശുവിന് ഒരിക്കലും രാജാവാകാൻ ആവില്ല. അധികാര വർഗ്ഗത്തോടുള്ള ഫാ. റെയ്നോൾസിന്റെ നിലപാട് ഇതിലൂടെ വ്യക്തമാകുന്നു.

തീരദേശ ജനതയുടെ ജീവിതം പ്രമേയം ആകുന്ന നോവലുകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ടെങ്കിലും അവയിൽ നിന്നും വ്യത്യസ്തമാണ് അശരണരുടെ സുവിശേഷം . ഒരു സമൂഹത്തിന്റെ വിശ്വാസം, ഭാഷ ,അവർ സമൂഹത്തിൽ നിന്നും നേരിടുന്ന തിരസ്കാരം, അവരുടെ രുചി, ഗന്ധം എന്നിവയെ ഈ നോവലിൽഅടയാളപ്പെടുത്തിയിരിക്കുന്നു. ചരിത്ര സൂചനയിലൂടെ കാലത്തേയും നോവലിൽ രേഖപ്പെടുത്തിയിരിക്കുന്നത് വരികൾക്കിടയിലൂടെ മനസിലാക്കാനാകും. നാടൻപാട്ട്, ചവിട്ടു നാടകം, കാറൽമാൻ ചരിതം, സാഞ്ചോൺ അച്ചു കൂടം മാന്നാനത്തേക്ക് മാറ്റാൻ ഇടയായിസാഹചര്യം എന്നിവയെല്ലാം ഈ നോവലിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇങ്ങനെ കേരളചരിത്രം കൂടി ഈ നോവലിൽ അടയാളപ്പെടുത്തുന്നു. "ഫിക്ഷന്റെയും ചരിത്രത്തിന്റെയും അതിരുകൾ മറികടക്കുന്ന ഈ ആഖ്യാനരീതി ഇന്ന് മലയാളത്തിൽ പ്രചാരം നേടിയിരിക്കുന്നു. ഫ്രാൻസിസ് നൊറോണയുടെ അശരണരടെ സുവിശേഷം അത്തരമൊരു ആഖ്യാനമാണ്".[3] ജീവചരിത്രനോവൽ കൂടി ആയതുകൊണ്ട് സത്യത്തിന്റെ അംശങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം.

Cover Page

INTERNATIONAL JOURNAL OF MULTIDISCIPLINARY EDUCATIONAL RESEARCH
ISSN:2277-7881(Print); IMPACT FACTOR :10.16(2026); IC VALUE:5.16; ISI VALUE:2.286
PEER REVIEWED AND REFEREED INTERNATIONAL JOURNAL
(Fulfilled Suggests Parameters of UGC by IJMER)
Volume:15, Issue:2(6), February 2026
Scopus Review ID: A2B96D3ACF3FEA2A
Article Received: Reviewed: Accepted
Publisher: Sucharitha Publication, India
Online Copy of Article Publication Available: www.ijmer.in

**കുറിപ്പുകൾ**

1. അശരണരുടെ സുവിശേഷം .ഫ്രാൻസിസ് നൊറോണ അവതാരിക
2. അശരണരുടെ സുവിശേഷം പുറം. 60
3. ആധുനികാനന്തര മലയാളനോവൽ, ചരിത്രത്തിന്റെ ഇതളിടങ്ങൾ പുറം. 227

**ഗ്രന്ഥസൂചി**

1. തരകൻ കെ.എം.ഡോ.നോവൽസാഹിത്യചരിത്രം കേരളസാഹിത്യ അക്കാദമി ജനുവരി, 2025
2. നൊറോണ ഫ്രാൻസിസ്, അശരണരുടെ സുവിശേഷം, ഡി.സി ബുക്ക്സ് കോട്ടയം ജനുവരി 2019
3. ആധുനികാനന്തര മലയാളനോവൽ (എഡി) മാളുബൻ പബ്ലിക്കേഷൻ 2018 ഫെബ്രുവരി